അതിനുശേഷമോ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള തുല്യയോഗ്യതയുള്ളവർക്ക് പ്രസ്തുത ആനുകൂല്യം നൽകിവരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഏതാനും ദിവസങ്ങളോമാസങ്ങളോ മുമ്പ് സർവ്വീസിൽ പ്രവേശിച്ചവർക്ക് പ്രസ്തുത ആനുകൂല്യം നിഷേധിച്ചത് ശമ്പളപരിഷ്ക്കരണത്തിലെ അനോമലിയായി കണക്കാക്കി ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഇ) ഇപ്രകാരം സീനിയറിന് ജൂനിയറിനേക്കാൾ കുറഞ്ഞ ശമ്പളം ലഭിക്കുന്ന അനോമലി പരിഹരിച്ച് എത്രയുംവേഗം ഉത്തരവ് പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) പി.എച്ച്.ഡി. ബിരുദത്തോടെ സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് അഞ്ച് അഡ്വാൻസ് ഇൻക്രിമെന്റും എം.ഫിൽ ബിരുദത്തോടെ സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് രണ്ട് അഡ്വാൻസ് ഇൻക്രിമെന്റുമാണ് നൽകുന്നത്.

(ബി-ഇ) 2008 സെപ്റ്റംബർ മുതൽ സർവ്വീസിൽ പ്രവേശിക്കുന്നവർക്കാണ് പുതുക്കിയ നിരക്കിലുള്ള ആനുകൂല്യം ലഭ്യമാകുന്നത്.

പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസ് കോംപ്ലക്സ് നിർമ്മാണം

65 (2069) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസ് പൂർണ്ണമായി പൊളിച്ചുമാറ്റി എഡ്യൂക്കേഷണൽ കോംപ്ലക്സ് നിർമ്മിച്ച് ഡി.ഡി.ഇ., ഡി.ഇ.ഒ., എ.ഇ.ഒ. ഓഫീസുകൾ ഒന്നിച്ച് ഒറ്റ കെട്ടിടത്തിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ആയത് സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

ഉണ്ട്. നടപടികൾ സ്വീകരിച്ചുവരുന്നു.

കാസർഗോഡ് കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ മേഖലാ കേന്ദ്രം

66 (2070) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ മേഖലാ കേന്ദ്രം എന്നാണ് അനുവദിച്ചതെന്നും അതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ശിലാസ്ഥാപനം എന്നാണ് നടന്നതെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly